പതിമൂന്നാം കേരള നിയമസഭ

ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം : 186

04.02.2013 -ൽ മറുപടിയ്ക്ക്

## കാവ് സംരക്ഷണം

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. എ.കെ. ശശീന്ദ്രൻ | ശ്രീ.കെ.ബി.ഗണേഷ് കുമാർ (വനവും സ്പോർട്ട്സും സിനിമയും വകുപ്പ് മന്ത്രി) |
| എ) കാവ് സംരക്ഷണത്തിനു വേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) കേരളത്തിലെ കാവുകളുടെ സംരക്ഷണത്തിനും പരിപാലനത്തിനുമായി ഓരോ ജില്ലയിൽ നിന്നും വനം വകുപ്പിന്റെ സോഷ്യൽ ഫോറസ്ട്രി വിഭാഗം പത്ര പരസ്യങ്ങളിലൂടെ അപേക്ഷകൾ ക്ഷണിക്കുകയും ആയത് പ്രകാരം ലഭിച്ച അപേക്ഷകൾ കാവു സംരക്ഷണ പദ്ധതിയുടെ തെരഞ്ഞെടുത്ത വിദഗ്ധ സമിതി അംഗങ്ങൾ പരിശോധിച്ച് കാവിന്റെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ യോഗ്യമായ കാവുകൾ തെരഞ്ഞെടുക്കുകയും, തെരഞ്ഞെടുക്കപ്പെട്ട കാവുകളിൽ താഴെപറയുന്ന പ്രവർത്തനങ്ങൾക്ക് സാമ്പത്തിക സഹായം നൽകി വരുകയും ചെയ്യുന്നു.<br>1. കാവുകളിലെ സസ്യജന്തു വൈവിധ്യം തിട്ടപ്പെടുത്തുക.<br>2. പരിപാലനത്തിന് ആവശ്യമായ സൂക്ഷമാസൂത്രണ രേഖ തയ്യാറാക്കുക.<br>3. കാവുകളിലെ ആവാസ വ്യവസ്ഥ മെച്ചപ്പെടുത്തുന്നതിനായി സസ്യങ്ങൾ വച്ചുപിടിപ്പിക്കുക/സ്വാഭാവിക സസ്യവളർച്ചക്കാവശ്യമായ സാഹചര്യം ഒരുക്കുക, കള നിർമ്മാർജ്ജനം ചെയ്യുക, ജല സംരക്ഷണ പ്രവർത്തനങ്ങൾ നടത്തുക, പരിസരം ശുചിയായി സൂക്ഷിക്കുക ഉടങ്ങിയ പ്രവർത്തനങ്ങൾ നടത്തുക.<br>4. സംരക്ഷണത്തിനായി കാവിനു ചുറ്റും |

അനുയോജ്യമായ വേലി നിർമ്മിക്കുക.

5. കാവുകളുടെ സംരക്ഷണത്തിന്റെ ആവശ്യകതയെക്കുറിച്ച് ബോധവൽക്കരണ പ്രവർത്തനങ്ങൾ നടത്തുക.

കാവു സംരക്ഷണത്തിന് രണ്ടു തരത്തിലുള്ള സാമ്പത്തിക സഹായമാണ് നൽകി വരുന്നത്.

വിസ്തൃതിയടിസ്ഥാനത്തിൽ തെരഞ്ഞെടുക്കപ്പെട്ട വലിയ കാവുകൾക്ക് തയ്യാറാക്കി അംഗീകരിക്കപ്പെട്ട മൈക്രോപ്ലാനിന്റെ അടിസ്ഥാനത്തിൽ ദീർഘകാല പരിചരണത്തിനാവശ്യമായ സാമ്പത്തിക സഹായം നൽകിവരുന്നു. താരതമ്യേന ചെറിയ കാവുകൾക്ക് പ്രത്യേക പ്രവർത്തനങ്ങൾക്കായി ഒറ്റത്തവണമാത്രം സാമ്പത്തിക സഹായം (10,000) രൂപ നൽകിവരുന്നു. ഇതുവരെ ചെറുതും വലുതുമായ 255 കാവുകൾക്ക് ധനസഹായം നൽകിയിട്ടുണ്ട്.

| | |
|---|---|
| ബി) കോഴിക്കോട് ജില്ലയിൽ തലക്കുളത്തൂർ പഞ്ചായത്തിലെ വള്ളിക്കാട്ട കാവ് സംരക്ഷണത്തിനായി സർക്കാരിൽ നിന്നും സാമ്പത്തിക സഹായം നൽകിയിട്ടുണ്ടോ ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ ? | ബി) ഇല്ല |

സെക്ഷൻ ഓഫീസർ